# Joint Press Release of the 12th round of India-China Corps Commander Level Meeting

August 02, 2021

## 12 ആം ഘട്ട ഇന്ത്യ -ചെയിൻ സൈനിക കമാൻഡർ നിലയിലുള്ള ചർച്ചകൾ സംബന്ധിക്കുന്ന സംയുക്ത പത്ര പ്രസ്താവന

ആഗസ്റ്റ് 02, 2021

ഇന്ത്യ -ചെയിൻ ഉന്നത സൈനിക കമാണ്ടർ തല ചർച്ചകളുടെ 12 മത് ഘട്ടം ചുഷുൽ- മോൾഡോ അതിർത്തി പ്രദേശത്തെ ഇന്ത്യൻ ഭാഗത്ത് നടന്നു. ദുഷുൻബെയിൽ ജൂലൈ 14 ന്, ഇന്ത്യയിലും ചൈന പീപ്പിൾസ് റിപ്പബ്ളിക്കിലെയും വിദേശകാര്യമന്ത്രിമാർ തമ്മിൽ നടന്ന സമ്മേളനം,ജൂൺ 25 ന് ഇന്ത്യ -ചൈന അതിർത്തി പ്രശ്നങ്ങളെ സംബന്ധിച്ചുള്ള വർക്കിങ് മെക്കാനിസം ഓഫ് കൺസൾട്ടിങ് ആൻഡ് കോർഡിനേഷന്റെ(WMCC) 22 മത് സമ്മേളനത്തിന് തുടർന്നാണ് ഇത് നടന്നത്.

`ഇന്ത്യ ചൈന അതിർത്തിയുടെ പടിഞ്ഞാറൻ മേഖലയിലുള്ള യഥാർത്ഥ നിയന്ത്രണ രേഖയിലെ ബാക്കിയുള്ള ഭാഗങ്ങളിൽ നിന്നുള്ള സൈനിക പിന്മാറ്റം തീർപ്പാക്കുന്നതിനുള്ള കാഴ്ചപ്പാടുകളെക്കുറിച്ച് ഇരു വിഭാഗങ്ങളും വ്യക്തമായ ചർച്ചകൾ നടത്തി. ഈ സമ്മേളനം ഫലപ്രദവും പരസ്പര ധാരണകൾ മെച്ചപ്പെടുത്തുന്നതുമായിരിക്കാൻ ഇരു ഭാഗങ്ങളും ശ്രദ്ധ നൽകി. നിലവിലുള്ള തീരുമാനങ്ങളും നയങ്ങളും അനുസരിച്ച് വേഗത്തിൽ തന്നെ തീർപ്പാക്കാത്ത പ്രശ്നങ്ങളിൽ തീരുമാനത്തിലെത്തുന്നതിനും കൂടാതെ സംഭാഷണങ്ങളിലെ ആവേഗവും ചർച്ചയ്ക്കുള്ള സാധ്യതകളും തുടരുന്നതാണെന്നും അവർ അനുകൂലിച്ചു.

ഇക്കാലയളവിൽ LAC യിലുടനീളം സ്ഥിരത കൈവരിക്കുന്നതിനും ശാന്തിയും സമാധാനവും നിലനിർത്തുന്നതിനുമുള്ള പരിശ്രമങ്ങൾ തുടരുന്നതാണെന്നും ഇരു രാജ്യങ്ങളും സമ്മതിച്ചു.

**ന്യൂ ഡൽഹി**
**ആഗസ്റ്റ് 02, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.